5. അഗർവാൾകമ്മറ്റിയുടെ നിർദ്ദേശാനുസരണമല്ലെങ്കിലും, പഞ്ചായത്താഫീസറന്മാരുടെ ശമ്പളച്ചെലവിലേക്കായി സഹായധനം നൽകുവാൻ ഈ കൊല്ലത്തെ ബഡ്ജറ്റിൽ 3 ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്. പഞ്ചായത്താഫീസറന്മാരുടെ നിയമനത്തിനുശേഷം ടി തുക പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നകാര്യം ആലോചിക്കുന്നതാണ്.

6. വിനോദനികുതി പിരിച്ചെടുക്കുന്നതിലേക്ക് പഞ്ചായത്തുകളിലെ ക്ലാർക്കിന് 3 രൂപയും ശിപായിക്ക് 2 രൂപയും വീതം പ്രതിമാസ വേതനം നിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ വിനോദനികുതി പിരിച്ചെടുക്കുന്ന ജോലിമുനിസിപ്പാലിറ്റികളിലേതിനേക്കാൾ ലഘുതരമായതുകൊണ്ട് മുൻപറഞ്ഞ വേതനം വളരെ ന്യായവും ചെയ്യുന്ന ജോലിക്കനുസരിച്ചതുമാണ്.

പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾ.

* 503. [40] ശ്രീ. ജോസഫ് മുണ്ടശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സരപദ്ധതിയനുസരിച്ച് കൃഷിവ്യവസായമേഖലകളിൽ ഏർപ്പെടുത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ യഥാർത്ഥ ഉൽപ്പാദകർ മാത്രമായിരിക്കണം അംഗങ്ങൾ എന്നുള്ള നയം ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) അംഗീകരിച്ചിട്ടില്ലെങ്കിൽ രണ്ടാം പഞ്ചവത്സരപദ്ധതികൊണ്ട് വിഭാവനം ചെയ്യുന്ന സാമ്പത്തിക പരിവർത്തനത്തെ മുൻനിറുത്തി അപ്രകാരം ഒരു നയം അംഗീകരിക്കുവാൻ തയ്യാറുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ടി. കൊച്ചുകുട്ടൻ):

(എ) പഞ്ചവത്സരപദ്ധതിയനുസരിച്ച് കൃഷി വ്യവസായമേഖലകളിൽ ഏർപ്പെടുത്തുന്ന പ്രാഥമിക സഹകരണസംഘങ്ങളിൽ യഥാർത്ഥ ഉൽപ്പാദകർ മാത്രമായിരിക്കണം അംഗങ്ങൾ എന്നുള്ള നയം ഗവണ്മെൻറ് അംഗീകരിച്ചിട്ടില്ല.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതികൊണ്ട് വിഭാവനചെയ്യുന്ന സാമ്പത്തിക പരിവർത്തനത്തെ മുൻനിറുത്തി അപ്രകാരം ഒരു നയം അംഗീകരിക്കാവുന്നതല്ല.

പഞ്ചായത്തുകൾവഴി ചെയ്യുന്ന ജോലികൾ.

* 504. [41] ശ്രീ. പി. കെ ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുവഴി ചെയ്യുവരുന്ന ഡവലപ്പുമെൻറ് സ്കീം അനുസരിച്ചുള്ള ജോലികൾ 1955–56 വർഷത്തേക്ക് ചെയ്യേണ്ടതില്ലെന്ന ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly